പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5770

28.03.2018-ൽ മറുപടിയ്ക്ക്

## അമിത വേഗതക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നിരത്തുകളിൽ വാഹനമോടിക്കുന്നവർ, പ്രത്യേകിച്ച് ചെറുപ്പക്കാർ നടത്തുന്ന മത്സരം മൂലമുണ്ടാകുന്ന അപകടങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് അമിത വേഗതക്കാർക്കെതിരെ കർക്കശ നടപടി സ്വീകരിക്കുമോ ? | (ബി) | പൊതുനിരത്തുകളിലെ വാഹനാപകടങ്ങൾ കുറച്ചു കൊണ്ടു വരുന്നതിനായി മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും സംയുക്തമായി വാഹന പരിശോധന നടത്തി വരുന്നുണ്ട്. പോലീസും മോട്ടോർ വാഹന വകുപ്പും വിദ്യാർത്ഥികളുടെ സഹായത്തോടെ നടത്തുന്ന ബോധവൽക്കരണ പദ്ധതിയായ 'ശുഭയാത്ര' അപകട നിരക്ക് കുറയ്ക്കാൻ സഹായിക്കുന്നുണ്ട്. പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് അമിത വേഗതക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ